**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4597** **02-07-2024 - ൽ മറുപടിയ്ക്ക്**

**വനാതിർത്തികൾ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ വനാതിർത്തികൾ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് എന്റെ ഭൂമി പദ്ധതിയുടെ ഭാഗമായി സർവ്വെ ആന്റ് ഭൂരേഖവകുപ്പ് ആദ്യഘട്ടത്തിൽ ഡിജിറ്റൽ സർവ്വെയ്ക്കായി 200 വില്ലേജുകൾ പരിഗണിക്കുകയും, ആയതിൽ 38 വില്ലേജുകൾ വനഭൂമി ഉൾപ്പെട്ടുന്നവയുമാണ്. ടി 200 വില്ലേജുകളിൽ ഡിജിറ്റൽ സർവ്വെ പൂർത്തിയായതായി സർവ്വെ ആന്റ് രേഖ വകുപ്പ് അറിയിച്ചിട്ടുള്ള 125 വില്ലേജുകളിൽ വനഭൂമി ഉൾപ്പെട്ടുന്ന വില്ലേജുകളുടെ എണ്ണം 11ആണ്. റവന്യൂവും, മറ്റ് വകുപ്പുകളുമായി വനാതിർത്തി പങ്കിടുന്ന മേഖലകളെ സംബന്ധിച്ച് 'എന്റെ ഭൂമി' പദ്ധതിയുടെ ഭാഗമായി ഡിജിറ്റൽ സർവ്വെ പൂർത്തികരിക്കുന്ന മുറയ്ക്ക് വനാതിർത്തിയുടെ ഡിജിറ്റൈസേഷൻ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | അരുവിക്കര നിയോജകമണ്ഡലത്തിലുൾപ്പെടുന്ന വനഭൂമിയുടെ ഡിജിറ്റൽ സർവ്വേ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ? | (ബി) | സംസ്ഥാനത്തെ വനാതിർത്തികൾ ഡിജിറ്റൽ സർവ്വെ ചെയ്യുന്നതിന്റെ ഭാഗമായി തിരുവനന്തപുരം വനം ഡിവിഷനിലെ പരുത്തിപള്ളി റെയിഞ്ചിന്റെ പരിധിയിൽ വരുന്നതും അരുവിക്കര നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട് വരുന്നതുമായ ചൂളിയാമല സെക്ഷനിൽ വരുന്ന തൊളിക്കോട് വില്ലേജിന്റെ വനഭൂമി ഉൾപ്പെട്ടു വരുന്ന ഭാഗത്തെ ഡിജിറ്റൽ സർവ്വെ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ